(ബി) ഇതു സംബന്ധിച്ച അന്വേഷണങ്ങൾക്ക് കൃത്യമായ മറുപടി നൽകാൻ പ്രസ്സിൽ കാര്യമായ സംവിധാനമില്ലെന്നതിനാൽ കാലതാമസം ഉണ്ടാകുന്നകാര്യം ശ്രദ്ധിച്ചിട്ടുണ്ടോ;

(സി) ഇതു പരിഹരിക്കാൻ തിരുവനന്തപുരം ഗവൺമെന്റ് പ്രസ്സിൽ കമ്പ്യൂട്ടറൈസ്ഡ് അന്വേഷണ വിഭാഗം ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ഡി) എങ്കിൽ ഇത് എന്നത്തേക്ക് ആരംഭിക്കുമെന്ന് വ്യക്തമാക്കുമോ;

ഉത്തരം

(എ) ഉണ്ട്.

(ബി) ഉണ്ട്.

(സി ആന്റ് ഡി) ഇക്കാര്യം ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് പരിശോധിക്കുന്നതാണ്.

ഗവൺമെന്റ് പ്രസ്സുകളിലെ തൊഴിലാളി യൂണിയനുകളുടെ ഹിതപരിശോധന

160 [1968] ശ്രീ. ലൂഡി ലൂയിസ്:

" ജോർജ് ജെ. മാത്യു:

" എൻ. ശക്തൻ:

" എ. കെ. മണി:

" പ്രൊഫ. എ. ഡി. മുസ്തഫ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടികസമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗവൺമെന്റ് പ്രസ്സുകളിലെ തൊഴിലാളി യൂണിയനുകളുടെ ഹിത പരിശോധന നടത്തുവാൻ തീരുമാനിച്ചിരുന്നുവോ; എങ്കിൽ എന്ന് എന്നു വെളിപ്പെടുത്തുമോ;

(ബി) ഹിതപരിശോധന നടത്തുവാൻ ആരെയാണ് ചുമതലപ്പെടുത്തിയത്; ഇക്കാര്യത്തിൽ അദ്ദേഹത്തിന് ചുമതല നൽകിയത് എന്നാണ്;

(സി) ഹിതപരിശോധന നടത്തുന്ന കാര്യത്തിൽ ഇതുവരെ അദ്ദേഹം എന്തെല്ലാം നടപടികൾ സ്വീകരിച്ചു;

(ഡി) ഇക്കാലത്തിനുള്ളിൽ ഹിതപരിശോധന നടപ്പാക്കാൻ കഴിയാതെ പോയത് എന്തുകൊണ്ടാണെന്ന് വെളിപ്പെടുത്തുമോ;

(ഇ) ഹിതപരിശോധന നടത്തുന്ന കാര്യത്തിൽ എന്തെങ്കിലും തടസ്സമുണ്ടോ; എങ്കിൽ എന്തെല്ലാം എന്ന് വിശദമാക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly

(എഫ്) ഹിതപരിശോധന നടത്തുന്ന കാര്യത്തിൽ തൊഴിൽവകുപ്പ് സഹകരിക്കാതിരുന്നിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ നിസ്സഹകരിച്ച ഉദ്യോഗസ്ഥൻമാരുടെ മേൽ എന്ത് നടപടി എടുക്കാനുദ്ദേശിക്കുന്നുവെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) തീരുമാനിച്ചിരുന്നു. 10-10-1996-ൽ

(ബി) 28-11-2002-ലെ ലേബർ കമ്മീഷണറുടെ ഉത്തരവുപ്രകാരം കേരള അബ്കാരി വർക്കേഴ്സ് വെൽഫയർ ഫണ്ട് ബോർഡിന്റെ ചീഫ് ഇൻസ്പെക്ടറായ ശ്രീ സി. യു. മണിയെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളത്.

(സി) അദ്ദേഹം 20-12-2002, 6-2-2004, 10-2-2004 തിയതികളിൽ തൊഴിലാളി പ്രതിനിധികളും വകുപ്പുദ്യോഗസ്ഥൻമാരുമായി ചർച്ചകൾ നടത്തി. 10-2-2004-ലെ യോഗം തീരുമാനമാകാതെ പിരിഞ്ഞു.

(ഡി ആന്റ് ഇ) തൊഴിൽ തർക്ക നിയമപ്രകാരമുള്ള സെറ്റിൽമെന്റ് എത്തിച്ചേരാത്തതാണ് ഹിതപരിശോധന നടത്താൻ കഴിയാത്തത്. ഇത് ലേബർ കമ്മീഷണറുടെ ചുമതലയാണ്.

(എഫ്) തൊഴിൽ വകുപ്പ് സഹകരിക്കാതിരുന്നിട്ടില്ല.

ഉദിക്കുന്നില്ല.

പ്രസ്സുകളിലെ തൊഴിലാളികൾ ചെയ്യുന്ന ജോലിക്ക് പ്രതിദിന ഔട്ട് ടേൺ നിർണ്ണയിച്ചിട്ടുള്ള വിവരം

161 [1969] ശ്രീ. എ. പി. അനിൽകുമാർ:

" കെ. സി. വേണുഗോപാൽ:

" കെ. മുഹമ്മദാലി:

" കെ. എ. ചന്ദ്രൻ:

" വി. ഡി. സതീശൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്കപട്ടികസമുദായ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗവൺമെന്റ് പ്രസ്സുകളിലെ തൊഴിലാളികൾ ചെയ്യുന്ന ജോലിക്ക് പ്രതിദിന ഒട്ട് ടേൺ നിർണ്ണയിച്ചിട്ടുണ്ടോ;

(ബി) ഓരോ തൊഴിലാളിക്കും നിർണ്ണയിച്ചിട്ടുള്ള ഔട്ട് ടേൺ പൂർത്തിയാകാത്തപക്ഷം അവരുടെമേൽ എന്തു നടപടിയാണ് സ്വീകരിക്കുന്നത്;

(സി) ഒട്ട് ടേൺ ഇല്ലാതെ വരികയോ കുറയുകയോ ചെയ്യുന്ന തൊഴിലാളികളുടെ ഇൻക്രിമെന്റ് തടയാറുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly